സ്ഥാപിതം
1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

www.swathanthramandapam.com വാല്യം: 62 ലക്കം: 174 2026 ഒക്ടോബർ 03 ശനി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

## മൃതദേഹം തിരിച്ചറിഞ്ഞു

തൃശ്ശൂർ: മാളയിൽ ബൈക്ക് അപകടത്തിൽ യുവാവ് മരിച്ചു; മരിച്ചത് പി. വെമ്പല്ലൂർ സ്വദേശിമാള കൈതച്ചിറ ജഡ്ജിമുക്കിൽ ബൈക്ക് അപകടത്തിൽ മരിച്ച ആളെ തിരിച്ചറിഞ്ഞു. മതിലകം പോലീസ് പരിധിയിലെ പി. വെമ്പല്ലൂർ സ്വദേശി കൊട്ടേക്കാട്ട് വീട്ടിൽ കണ്ണന്റെ മകൻ അഖിൽ (27) ആണ് മരിച്ചത്. മാളയിലെ റോയൽ എൻഫീൽഡ് ഷോറൂമിൽ ടെക്നീഷ്യനായി ജോലി ചെയ്യുകയായിരുന്നു അഖിൽ. ഇന്നലെ രാത്രി ഷോറൂം ഉടമയുടെ ബന്ധുവിന്റെ വിവാഹ ചടങ്ങിൽ പങ്കെടുത്ത് മടങ്ങുന്നതിനിടെയാണ് അപകടമുണ്ടായതെന്ന് പോലീസ് പറഞ്ഞു. രാത്രി 12 മണിയോടെയാണ് അപകടം നടന്നതെന്നാണ് വിവരം. ഇന്ന് രാവിലെ ആറരയോടെ നടക്കാനിറങ്ങിയ നാട്ടുകാരാണ് ജഡ്ജിമുക്കിൽ റോഡരികിൽ ബൈക്കും മൃതദേഹവും കണ്ടത്. തുടർന്ന് മാള പോലീസ് നടത്തിയ അന്വേഷണത്തിലാണ് ആളെ തിരിച്ചറിഞ്ഞത്.ഇറക്കം ഇറങ്ങി വരുന്ന സ്ഥലത്തെ കൊടും വളവിൽ നിയന്ത്രണം വിട്ടതാണ് ബൈക്ക് അപകടത്തിൽപ്പെട്ടതെന്ന് പ്രാഥമിക നിഗമനം.മൃതദേഹം കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രിയിലേക്ക് മാറ്റി.

# പിഎംശ്രീയുമായി തൽക്കാലം മുന്നോട്ടു പോകേണ്ട; ഉപസമിതി ഉടൻ ചേരില്ല



തിരു: കേന്ദ്ര സർക്കാരിന്റെ പി.എം ശ്രീ (PM SHRI) പദ്ധതി നടപ്പാക്കുന്നതിലേക്ക് നീങ്ങേണ്ടതില്ലെന്ന് സംസ്ഥാന സർക്കാർ. പദ്ധതി നടപ്പിലാക്കുന്നതിനെതിരെ യു.ഡി.എഫിലെ ഘടകകക്ഷിയായ മുസ്ലിം ലീഗിൽ നിന്ന് ശക്തമായ എതിർപ്പ് ഉയർന്ന പശ്ചാത്തലത്തിലാണ് തുടർനടപടികൾ തൽക്കാലം നിർത്തിവെക്കാൻ വിദ്യാഭ്യാസ വകുപ്പ് തീരുമാനിച്ചത്.

വിഷയത്തിൽ വിദ്യാഭ്യാസ മന്ത്രിയും മുഖ്യമന്ത്രിയും തമ്മിൽ പ്രാഥമിക ആശയവിനിമയം നടത്തിയിട്ടുണ്ട്. ഇതോടെ പദ്ധതി വിലയിരുത്തുന്നതിനായി രൂപീകരിച്ച മന്ത്രിസഭാ ഉപസമിതി യോഗം ചേരുന്നത് ഉൾപ്പെടെയുള്ള നടപടികൾ അനിശ്ചിതത്വത്തിലായി.

മുൻ എൽ.ഡി.എഫ് സർക്കാറിന്റെ കാലത്ത് കേന്ദ്രവുമായി ഒപ്പുവെച്ച കരാറിന്റെ അടിസ്ഥാനത്തിലാണ് പി.എം ശ്രീ പദ്ധതിയുമായി ബന്ധപ്പെട്ട ചർച്ചകൾ മുന്നോട്ടുപോയിരുന്നത്. എന്നാൽ പദ്ധതിയിൽ നിന്ന് പൂർണ്ണമായും പിന്മാറുന്നത് വലിയ നിയമക്കുരുക്കുകൾക്ക് വഴിവെക്കുമെന്നതിനാൽ അടിയന്തര തുടർനടപടികളിലേക്ക് പോകാതെ സ്തംഭനാവസ്ഥയിൽ നിലനിർത്താനാണ് സർക്കാർ ആലോചിക്കുന്നത്.

സമഗ്ര ശിക്ഷാ കേരള വഴി സംസ്ഥാനത്തിന് ലഭിക്കേണ്ട ഏകദേശം 1800 കോടിയോളം രൂപയുടെ കേന്ദ്ര ഫണ്ട് പി.എം ശ്രീ ഒപ്പിടാത്തതിനെ തുടർന്ന് കേന്ദ്രം തടഞ്ഞുവെച്ചിരിക്കുകയാണ്. വിഷയത്തിൽ തമിഴ്നാട് നൽകിയ ഹർജി സുപ്രീം കോടതിയുടെ പരിഗണനയിലിരിക്കെ, കേന്ദ്രവുമായി കൂടുതൽ നിയമോപദേശം തേടിയ ശേഷമായിരിക്കും സംസ്ഥാന സർക്കാർ ഔദ്യോഗിക നിലപാട് കൈക്കൊള്ളുക.

## കോർപറേഷൻ കൗൺസിലർ സ്ഥാനം രാജിവെച്ച് ആർ ശ്രീലേഖ

തിരു : തിരുവനന്തപുരം കോർപറേഷനിലെ കൗൺസിലർ സ്ഥാനം രാജി വെച്ച് ആർ ശ്രീലേഖ. ശാസ്തമംഗലം വാർഡിൽ നിന്നുള്ള ബിജെപി കൗൺസിലറും മുൻ ഡിജിപിയുമായ ആർ. ശ്രീലേഖ അപ്രതീക്ഷിതമായി കൗൺസിലർ സ്ഥാനം രാജിവെച്ചത് ബി. ജെ. പിക്ക് കനത്ത തിരിച്ചടിയായിരിക്കുകയാണ്. മേയർ വി.വി. രാജേഷിന്റെ ഓഫിസിലെത്തിയാണ് അവർ രാജിക്കത്ത് കൈമാറിയത്. ഒരു സ്വതന്ത്ര അംഗത്തിന്റെ പിന്തുണയോടെ ബിജെപി കോർപറേഷൻ ഭരണം നടത്തുന്നതിനിടെയാണ് ഈ പെട്ടെന്നുള്ള രാജി.

ബി.ജെ.പിയുടെ സ്ഥാനാർഥിയായി മത്സരിച്ച് ജയിച്ച് കൗൺസിലറായ ശ്രീലേഖ തന്നെ മേയറാക്കാത്തതിൽ കടുത്ത കടുത്ത അതൃപ്തി രേഖപ്പെടുത്തിയിരുന്നു. പാർട്ടി നേതൃത്വവുമായി ശ്രീലേഖയ്ക്ക് പല വിഷയങ്ങളിലും അഭിപ്രായവ്യത്യാസങ്ങളുണ്ടായിരുന്നതായി വിവരമുണ്ട്. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ വട്ടിയൂർക്കാവ് മണ്ഡലത്തിൽ ബി.ജെ.പി സ്ഥാനാർഥിയായി മത്സരിച്ചെങ്കിലും അവർക്ക് മൂന്നാം സ്ഥാനത്തെത്താനേ സാധിച്ചുള്ളൂ. പ്രതീക്ഷിച്ചത്ര വോട്ടുകൾ നേടാൻ ശ്രീലേഖയ്ക്ക് കഴിഞ്ഞില്ലെന്ന വിമർശനവും അന്ന് ഉയർന്നിരുന്നു.

## യു. ഡി. എഫിലെ പ്രശ്നങ്ങൾ രമ്യമായി പരിഹരിക്കും; ആ കട്ടിൽ കണ്ട് പ്രതിപക്ഷ നേതാവ് പനിക്കേണ്ട: കെ. സി വേണുഗോപാൽ



ആലപ്പുഴ: യു.ഡി.എഫിലെ പ്രശ്നങ്ങൾ രമ്യമായി പരിഹരിക്കുമെന്നും ആ കട്ടിൽ കണ്ട് പ്രതിപക്ഷ നേതാവ് പനിക്കേണ്ടതില്ലെന്നും കെ.സി വേണുഗോപാൽ എം.പി. ആലപ്പുഴയിൽ മാധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരളത്തിൽ യു.ഡി.എഫ് സർക്കാർ സ്വസ്ഥമായും നന്നായുമാണ് ഭരിക്കുന്നത്.

കൊച്ചുകൊച്ചു പ്രശ്നങ്ങൾ ഞങ്ങൾ ഒരുമിച്ചിരുന്ന് പരിഹരിക്കും. പ്രതിപക്ഷ നേതാവ് സ്വന്തം പാർട്ടിയിൽ എതിർപ്പുകളെ ഉരുക്കുമുഷ്ടി ഉപയോഗിച്ച് നേരിട്ടാണ് മുന്നോട്ട് പോകുന്നത്.എല്ലാ എതിരഭിപ്രായങ്ങളെയും തമസ്കരിക്കുകയായിരുന്നു. അതുകൊണ്ടാണ് ടി.പി. ചന്ദ്രശേഖരനെ കൊല്ലാൻ പോലും ആ പാർട്ടി തയ്യാറായത്. കോൺഗ്രസിൽ ചില അഭിപ്രായപ്രകടനങ്ങൾ ഉണ്ടാകും. അത് വലിയ തലത്തിലേക്ക് പോകുന്ന പ്രശ്നമില്ല. പ്രശ്നങ്ങൾ രമ്യമായി പരിഹരിച്ചു മുന്നോട്ടു പോകും. അക്കാര്യത്തിൽ പ്രതിപക്ഷ നേതാവിന് സമാധാനമായി ഇരിക്കാമെന്നും അദ്ദേഹം പറഞ്ഞു.

## വലിയ അപകടം ഒഴിവായി

തൃശ്ശൂർ: പുതുക്കാട് താലൂക്ക് ആശുപത്രിയിൽ ലേബർ റൂമിന്റെ കോൺക്രീറ്റ് സീലിങ് അടർന്നുവീണു. അപകടസമയത്ത് ലേബർ റൂമിൽ ആരും ഇല്ലാതിരുന്നതിനാൽ വലിയ അപകടം ഒഴിവായി.

## ധർമേന്ദ്ര പ്രധാനെ താഴെയിറക്കി, ഇനി ഗ്യാനേഷ് കുമാർ; ജന്തർ മന്തർ 2.0 പ്രഖ്യാപിച്ച് പാറ്റകൾ വീണ്ടുമിറങ്ങുന്നു



ന്യൂഡൽഹി: മുഖ്യതിരഞ്ഞെടുപ്പ് കമ്മിഷണർ രാജി വെച്ചില്ലെങ്കിൽ ഒക്ടോബർ പത്തിന് ജന്തർ മന്തർ മറ്റൊരു വിപ്ലവത്തിന് കേന്ദ്രമാകുമെന്ന് പ്രഖ്യാപിച്ച് കോക്രോച്ച് ജനതാ പാർട്ടി. ഗാന്ധിജയന്തി ദിനത്തിൽ ഗ്യാനേഷ് കുമാറിനെതിരേ രാജ്യതലസ്ഥാനത്ത് പ്രതിപക്ഷ പാർട്ടികളുടെ ആഹ്വാനത്തിൽ പ്രതിഷേധമലയടിച്ചതിന് പിന്നാലെയാണ് പ്രക്ഷോഭം ശക്തമാക്കാനുള്ള സിജെപി നീക്കം.

പരീക്ഷാ പേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട് മാസങ്ങൾക്ക് മുമ്പ് ജന്തർ മന്തറിൽ ഒരു മാസം നീണ്ടുനിന്ന വമ്പൻ പ്രക്ഷോഭത്തിനൊടുവിൽ വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാനെ താഴെയിറക്കിയതിന് ശേഷമാണ് മുഖ്യ തിരഞ്ഞെടുപ്പ് കമ്മിഷണർക്കുനേരെ പാറ്റകൾ തിരിഞ്ഞിരിക്കുന്നത്. വോട്ടർ പട്ടിക, എസ്ഐആർ ക്രമക്കേടുകൾ ആരോപിച്ചാണ് ഗ്യാനേഷ് കുമാറിന്റെ രാജി പ്രതിപക്ഷ പാർട്ടികളും സിജെപിയും ആവശ്യപ്പെടുന്നത്.

'ഗ്യാനേഷ് കുമാർ രാജിവെച്ചില്ലെങ്കിൽ, ഒക്ടോബർ 10-ന് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പാറ്റകൾ ഡൽഹിയിലേക്ക് മാർച്ച് ചെയ്യുകയും ജന്തർമന്തറിൽ പ്രതിഷേധിക്കുകയും ചെയ്യും. ഡൽഹി പോലീസ് നമ്മെ തടയാൻ ശ്രമിച്ചാൽ, എവിടെ തടയുന്നുവോ അവിടം നമ്മുടെ ജന്തർമന്തർ ആയി മാറും' സിജെപി. സ്ഥാപകൻ അഭിജീത് ദീപ്കെ എക്സിലൂടെ അറിയിച്ചു.

സമാധാനപരമായ പ്രക്ഷോഭമായിരിക്കും. മഹാത്മാഗാന്ധി കാണിച്ചുതന്ന പാതയിലൂടെ നാം നടക്കും. സമാധാനപരമായ പ്രതിഷേധത്തിനുള്ള നമ്മുടെ അവകാശത്തെ അവർ മാനിക്കുമോ അതോ ജൂലായ് 20-ന് നാം കണ്ട ക്രൂരത ആവർത്തിക്കുമോ എന്നത് സർക്കാരിന്റെയും ഡൽഹി പോലീസിന്റെയും തീരുമാനത്തെ ആശ്രയിച്ചിരിക്കുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. 'ഇത് നമ്മുടെ ജനാധിപത്യത്തെ സംരക്ഷിക്കാനുള്ള പോരാട്ടമാണ്. സ്വതന്ത്രവും നീതിയുക്തവുമായ തിരഞ്ഞെടുപ്പുകൾ ആഗ്രഹിക്കുന്ന ഓരോ പൗരനും ഇതിൽ പങ്കുചേരണം' എന്നും ദീപ്കെ ആഹ്വാനം ചെയ്തു.

കഴിഞ്ഞദിവസം യുവജന സംഘടനകളും പ്രതിപക്ഷ പാർട്ടികളും ആഹ്വാനംചെയ്ത പ്രതിഷേധത്തെ വരുതിയിലാക്കാൻ പോലീസ് നിയന്ത്രണങ്ങൾ കടുപ്പിച്ചതോടെ ഡൽഹി നഗരമാകെ ഉച്ചവരെ സ്തംഭിച്ചിരുന്നു.

ആളുകൾ സമരത്തിനെത്തുന്നതു തടയാൻ പ്രധാനപ്പെട്ട മെട്രോ സ്റ്റേഷനുകളും അടച്ചിട്ടതോടെ പൊതുജനം വലഞ്ഞു. ജന്തർമന്തർ 2.0 സമരം തുടങ്ങിയിട്ടേയുള്ളൂവെന്നും ശനിയാഴ്ചയും പ്രതിഷേധിക്കുമെന്നും ഐസ പ്രസിഡന്റ് നേഹാ ബോറ പ്രഖ്യാപിച്ചു.

## സംസ്ഥാനത്ത് പെട്രോൾ വില ലീറ്ററിന് 5 രൂപ കൂട്ടി; ഡീസലിനു മൂന്നുരൂപയും; വില വർധിപ്പിച്ച് നയാര

സംസ്ഥാനത്ത് നയാര എനർജി പമ്പുകളിൽ ഇന്ധനവില വർധന. പെട്രോളിന് ലീറ്ററിന് അഞ്ച് രൂപയും ഡീസലിന് മൂന്ന് രൂപയുമാണ് വർധന. നയാര പമ്പുകളിൽ പെട്രോൾ ലീറ്ററിന് 120 രൂപയും ഡീസലിന് 106.55 രൂപയുമായി വില ഉയർന്നു. അതേസമയം, പൊതുമേഖലാ എണ്ണ കമ്പനികളുടെ വിലയിൽ മാറ്റമില്ല. രാജ്യത്തെ ഒരു ലക്ഷത്തിൽപരം പെട്രോൾ പമ്പുകളിൽ 6,967 പമ്പുകളാണ് നയാര ഓപ്പറേറ്റ് ചെയ്യുന്നത്.

വിലക്കുറവ് പ്രയോജനപ്പെടുത്താൻ വ്യാവസായിക, ബൾക്ക് ഉപഭോക്താക്കൾ പെട്രോൾ പമ്പുകളെ ആശ്രയിക്കാൻ തുടങ്ങിയതോടെ സ്വകാര്യ എണ്ണ കമ്പനികളായ ജിയോ-ബി.പിയും നയാര എനർജിയും ഡീസൽ വിൽപനയ്ക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. ജിയോ പമ്പുകളിൽ പ്രതിദിനം 50 ലീറ്റർ ഡീസൽ മാത്രമാണ് ഒരാൾക്ക് ലഭിക്കുക. 70 ലീറ്റർ മുതൽ 200 ലീറ്റർ വരെയാണ് നയാര ഏർപ്പെടുത്തിയ പരിധി. ഇതിനു പിന്നാലെയാണ് നയാര വില വർധിപ്പിച്ചത്.

മേയ് മാസത്തിലാണ് എണ്ണ കമ്പനികൾ അവസാനമായി വില വർധിപ്പിച്ചത്. നാലു തവണയാണ് മേയ് മാസത്തിലുണ്ടായ വില വർധനവ്. നാലു തവണകളായി പെട്രോൾ, ഡീസൽ വില യഥാക്രമം ലിറ്ററിന് 7.35 രൂപയും 7.53 രൂപയും വർധിപ്പിച്ചിരുന്നു. പിന്നീട് യുദ്ധത്തിനു ഇടവേളയുണ്ടാവുകയും ക്രൂഡ് ഓയിൽ വില കുറയുകയും ചെയ്തിരുന്നു. എന്നാൽ ഹോർമുസുമായി ബന്ധപ്പെട്ടുണ്ടായ സംഘർഷത്തിൽ രാജ്യാന്തര ക്രൂഡ് ഓയിൽ വില ഉയർന്നു നിൽക്കുകയാണ്. ബ്രെൻഡ് ക്രൂഡ് ബാരലിന് 102.3 ഡോളറിലാണുള്ളത്.

അതേസമയം, പൊതുമേഖലാ പെട്രോൾ പമ്പുകളിൽ പെട്രോളിന് 113.50 രൂപയാണ് ഇന്നത്തെ വില. ഡീസലിന് 102.42 രൂപയിലാണ് വ്യാപാരം. സ്വകാര്യ എണ്ണ കമ്പനികളുമായി വിലയിൽ വലിയ വ്യത്യാസത്തിലാണ് പൊതുമേഖല എണ്ണ കമ്പനികൾ ഇന്ധനം വിൽക്കുന്നത്. അസംസ്കൃത എണ്ണ വില ഉയരുന്നതോടെ നഷ്ടത്തിലാണ് എണ്ണ കമ്പനികൾ വിൽപന തുടരുന്നതെന്നാണ് വിപണി വിദഗ്ധർ പറയുന്നത്. നിലവിൽ പെട്രോളിന് ലീറ്ററിനു അഞ്ചു രൂപയും ഡീസിലിന് 20 രൂപയും നഷ്ടമുണ്ടെന്നാണ് കണക്ക്.

## യുഡിഎഫ് സംവിധാനം അലങ്കോലപ്പെട്ടു, സതീശന്റേത് ആർഎസ്എസ് സ്പോൺസേഡ് സർക്കാർ: എം വി ഗോവിന്ദൻ



പാലക്കാട്: യുഡിഎഫിനെതിരെ വിമർശനവുമായി സിപിഎം സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദൻ. കേരളത്തിലെ യുഡിഎഫ് സംവിധാനം മുഴുവൻ അലങ്കോലപ്പെട്ടിരിക്കുകയാണെന്ന് അദ്ദേഹം വിമർശിച്ചു. ഒന്നും അറിയുന്നില്ലെന്ന് യുഡിഎഫ് കൺവീനർ തന്നെ പറയുന്ന സാഹചര്യമാണുള്ളത്. കോൺഗ്രസിലും യുഡിഎഫിലും വലിയ വിഭജനം ഉണ്ടായിരിക്കുകയാണെന്നും അദ്ദേഹം ആരോപിച്ചു. മുഖ്യമന്ത്രി വി ഡി സതീശനെ അനുകൂലിക്കുന്ന ആളുകൾ കുറവാണെന്നും അടൂർ പ്രകാശിനെ പിന്തുണയ്ക്കുന്നവരാണ് പാർട്ടിയിൽ കൂടുതലെന്നും എം.വി ഗോവിന്ദൻ പറഞ്ഞു.

കൂടിയാലോചന ഇല്ലാതെ എങ്ങനെയാണ് യുഡിഎഫിൽ കാര്യങ്ങൾ മുന്നോട്ട് പോകുന്നതെന്നും അദ്ദേഹം ചോദിച്ചു. വി ഡി സതീശന്റേത് ബിജെപി അനുകൂല നിലപാടാണെന്നും സതീശൻ സർക്കാരിന്റെ 'സ്പോൺസർ' ആർഎസ്എസും ബിജെപിയുമാണെന്നും എം.വി ഗോവിന്ദൻ ആരോപിച്ചു. ആർഎസ്എസിന്റെ കടന്നാക്രമണത്തിന് മുന്നിൽ മുസ്ലിം ലീഗ് കീഴടങ്ങിയെന്നും തദ്ദേശ വകുപ്പ് മന്ത്രി കെ.എം ഷാജിയെ വാഹനത്തിൽ നിന്ന് ഇറക്കിയ ശേഷം പരാതി ഇല്ലെന്ന് പറയുന്ന സാഹചര്യമാണെന്നും അദ്ദേഹം വിമർശിച്ചു.

## എംഡിഎംഎയുമായി യുവാവ് പിടിയിൽ



തൃശ്ശൂർ: പേരാമംഗലത്ത് ഹോട്ടൽ മുറിയിൽ നിന്നും എംഡിഎംഎയും കഞ്ചാവുമായി യുവാവ് പിടിയിൽ. മുണ്ടൂർ ഏഴാംകല്ല് സ്വദേശി സഞ്ജയ് (19) ആണ് തൃശ്ശൂർ സിറ്റി ഡാൻസാഫിന്റെ പിടിയിലായത് ഒരാഴ്ചയായി ഹോട്ടലിൽ മുറിയെടുത്ത് എംഡിഎംഎയും കഞ്ചാവും ചെറിയ പാക്കറ്റുകളിലാക്കി വിൽപ്പന നടത്തിവരികയായിരുന്നു

## ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്ക് 'പെൺതിളക്കം'; 17-ാം വയസിൽ അമ്പെയ്ത്തിൽ പൊന്നണിഞ്ഞ് കുങ്കും, ഗോൾഫിൽ പ്രണവിക്കും സ്വർണം



നഗോയ: ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്ക് അമ്പെയ്ത്തിലും ഗോൾഫിലും നിർണായക മെഡൽ നേട്ടങ്ങൾ. അമ്പെയ്ത്തിൽ 17കാരി കുംങ്കും അനിൽ മോഹോദും ഗോൾഫിൽ പ്രണവി ശരത് ഉർസും വ്യക്തിഗത സ്വർണം സ്വന്തമാക്കി. വനിതകളുടെ വ്യക്തിഗത റിക്കർവ് ഇനത്തിലാണ് കുങ്കും നേട്ടം കൈവരിച്ചത്. ഈ ഇനത്തിൽ ഏഷ്യൻ ഗെയിംസ് സ്വർണം നേടുന്ന ആദ്യ ഇന്ത്യൻ വനിത എന്ന റെക്കോർഡും താരം സ്വന്തമാക്കി. ദക്ഷിണ കൊറിയയുടെ ഒ യെജിനെ ഷൂട്ട്ഓഫിൽ തോൽപ്പിച്ചാണ് കുങ്കും സ്വർണമെൽജൽ നേടിയത്. ഇതോടെ 2028 ലെ ലോസ് ആഞ്ചലസ് ഒളിമ്പിക്സിനുള്ള ഇന്ത്യയുടെ വനിതാ റിക്കർവ് ക്വോട്ടയും ഉറപ്പായി.

ഫൈനലിൽ 6-5നാണ് ഒ യെജിനെ കുങ്കും പരാജയപ്പെടുത്തിയത്. അഞ്ച് സെറ്റുകൾ പൂർത്തിയായപ്പോൾ ഇരുവരും 5-5ന് സമനിലയിലായിരുന്നു. തുടർന്ന് നടന്ന ഷൂട്ട്ഓഫിൽ ദക്ഷിണ കൊറിയൻ താരം എട്ട് പോയിന്റ് നേടിയപ്പോൾ കുങ്കും 10 പോയിന്റ് നേടി സ്വർണം ഉറപ്പിക്കുകയായിരുന്നു. ക്വാർട്ടർ ഫൈനലിൽ നിലവിലെ ലോക ചാമ്പ്യൻ ദക്ഷിണ കൊറിയയുടെ കാങ് ചെ യോങ്ങിനെ 6-4ന് തോൽപ്പിച്ചാണ് താരം സെമിയിലെത്തിയത്. സെമിയിൽ ചൈനയുടെ മുൻ ലോക ഒന്നാം നമ്പർ താരവും 2025 ലോക ചാമ്പ്യൻഷിപ്പ് വെള്ളി മെഡൽ ജേതാവുമായ ഷു ജിംഗിയെ 6-2ന് കീഴടക്കി.

ഫൈനലിന്റെ തുടക്കത്തിൽ തിരിച്ചടി നേരിട്ടെങ്കിലും രണ്ടാം സെറ്റിൽ കുങ്കും ശക്തമായ തിരിച്ചുവരവ് നടത്തുകയായിരുന്നു. ഈ ഏഷ്യൻ ഗെയിംസിൽ താരത്തിന്റെ രണ്ടാമത്തെ സ്വർണനേട്ടമാണിത്. വനിതാ റിക്കർവ് ടീം ഇനത്തിൽ അങ്കിത ഭകത്, കീർത്തി ശർമ്മ എന്നിവർക്കൊപ്പം സഖ്യമുണ്ടാക്കി ഇന്ത്യക്ക് സ്വർണ്ണം സമ്മാനിച്ചതിനു തൊട്ടുപിന്നാലെയാണ് വ്യക്തിഗത വിഭാഗത്തിലും താരം പൊന്നണിഞ്ഞത്. ധീരജ് ബൊമ്മദേവരയ്ക്കൊപ്പം മിക്സഡ് റിക്കർവ് ടീം ഇനത്തിൽ കുങ്കുമിന് വെള്ളി മെഡലും സ്വന്തമാക്കാൻ കഴിഞ്ഞിരുന്നു.

ഗോൾഫിൽ വനിതകളുടെ വ്യക്തിഗത വിഭാഗത്തിൽ അവസാന റൗണ്ടിൽ നടത്തിയ മികച്ച പ്രകടനത്തിലൂടെയാണ് പ്രണവി സ്വർണം സ്വന്തമാക്കിയത്. ഏഷ്യൻ ഗെയിംസിലെ വ്യക്തിഗത ഗോൾഫ് സ്വർണത്തിനായുള്ള ഇന്ത്യയുടെ ദീർഘകാല കാത്തിരിപ്പിനാണ് ഇതോടെ വിരാമമായത്. പ്രണവിയുടെ വ്യക്തിഗത നേട്ടത്തിനൊപ്പം വനിതാ ടീം ഇനത്തിലും ഇന്ത്യ വെള്ളി മെഡൽ സ്വന്തമാക്കി. പ്രണവി ഉർസ്, അദിതി അശോക്, ദീക്ഷ ദാഗർ എന്നിവരാണ് വനിതാ ടീം വിഭാഗത്തിൽ ഇന്ത്യയെ പ്രതിനിധീകരിച്ചത്.

## അബ്കാരി കേസ്; ചോദ്യം ചെയ്യലിന് മുൻപ് മുൻകൂർ ജാമ്യാപേക്ഷ നൽകി ആന്റോ അഗസ്റ്റിന്റെ ഭാര്യാമാതാവ്

കൽപ്പറ്റ: അബ്കാരി കേസിൽ മുൻകൂർ ജാമ്യാപേക്ഷ നൽകി റിപ്പോർട്ടർ ബ്രോഡ്കാസ്റ്റിംഗ് കമ്പനി എംഡി ആന്റോ അഗസ്റ്റിന്റെ ഭാര്യാമാതാവ് ലില്ലി ജോസ്. എക്സൈസ് ചോദ്യം ചെയ്യലിന് ഹാജരാകാൻ നോട്ടീസ് നൽകുമെന്ന് വിവരം ലഭിച്ചതിന് പിന്നാലെ കൽപ്പറ്റ സെഷൻസ് കോടതിയിലാണ് ജാമ്യാപേക്ഷ നൽകിയത്.

വയനാട് വാഴവറ്റയിലെ തറവാട്ട് വീട്ടിൽ നടത്തിയ പരിശോധനയിൽ അളവിൽ കവിഞ്ഞ മദ്യശേഖരം കണ്ടെത്തിയ സംഭവത്തിൽ ആന്റോ അഗസ്റ്റിൻ അറസ്റ്റിലാവുകയും പിന്നീട് ജാമ്യം ലഭിക്കുകയും ചെയ്തിരുന്നു. 43 ലിറ്റർ വിദേശനിർമിത മദ്യവും വ്യാജ മദ്യവുമുൾപ്പെടെയാണ് ആന്റോയുടെ വീട്ടിൽ നിന്ന് കണ്ടെടുത്തത്. ഇന്ത്യൻ നിയമപ്രകാരം ഒരാൾക്ക് മൂന്ന് ലിറ്റർ മദ്യം മാത്രമാണ് വീട്ടിൽ സൂക്ഷിക്കാൻ അനുവാദമുള്ളത്. നിലവിൽ ലില്ലി ജോസിനെ കണ്ടെത്താൻ അന്വേഷണ സംഘത്തിന് കഴിഞ്ഞിട്ടില്ല. മൊഴിയെടുക്കുന്നതിനായി നോട്ടീസ് നൽകാൻ ബത്തേരി കോളിയാടിയുള്ള വസതിയിൽ ഉദ്യോഗസ്ഥർ എത്തിയെങ്കിലും ഇവർ സ്ഥലത്തുണ്ടായിരുന്നില്ല. തറവാട് വീടിന്റെ ഉടമസ്ഥാവകാശം ഭാര്യാമാതാവിനാണെന്നാണ് ആന്റോ അഗസ്റ്റിൻ സുൽത്താൻ ബത്തേരി കോടതിയിൽ വ്യക്തമാക്കിയത്. ജപ്തിയിലായ വീട് ലേലത്തിൽ പിടിച്ചത് ലില്ലിയാണെന്നും ആന്റോ കോടതിയിൽ മൊഴി നൽകിയിരുന്നു. കോടതി അറ്റാച്ച്മെന്റ് നടപടികളുടെ ഭാഗമായി നിലനിൽക്കുന്ന വസ്തുവായതിനാൽ തന്റെ പേരിൽ കേസെടുക്കാനാകില്ലെന്നായിരുന്നു ആന്റോയുടെ വാദം. താൻ മദ്യം കുടിക്കാറില്ലെന്നും വീടും വസ്തുവും സർഫാസി ആക്ട് പ്രകാരം വിൽപനയിലേക്ക് പോയതാണെന്നും ആന്റോ വാദിച്ചിരുന്നു.

## കുഴഞ്ഞുവീണു മരിച്ചു



തൃശ്ശൂർ: ചേലക്കരയിൽ പാടത്തെ പണിക്കിടെ മധ്യവയസ്കൻ കുഴഞ്ഞുവീണു മരിച്ചു. ചേലക്കര തോന്നൂർക്കര യൂക്കാലിക്കാട് സ്വദേശി കളത്തിൽ വീട്ടിൽ രാധാകൃഷ്ണൻ (61) ആണ് മരിച്ചത്. ഇന്ന് രാവിലെ പാടത്ത് പണി ചെയ്യുന്നതിനിടെ പെട്ടെന്ന് കുഴഞ്ഞുവീഴുകയായിരുന്നു. ഉടൻതന്നെ ചേലക്കരയിലെ സ്വകാര്യ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

## തിരുപ്പതിയിലെ ഫാക്ടറിയിൽ വൻ സ്ഫോടനം; നാല് മരണം, നിരവധി പേർക്ക് പരിക്ക്

അമരാവതി: തിരുപ്പതി ശ്രീ സിറ്റിയിലുള്ള ഫാർമസ്യൂട്ടിക്കൽ ഫാക്ടറിയിലുണ്ടായ സ്ഫോടനത്തിൽ നാലുപേർക്ക് ദാരുണാന്ത്യം. 10 പേർക്ക് ഗുരുതരമായി പരിക്കേറ്റിട്ടുണ്ട്. പരിക്കേറ്റവരെ സമീപത്തെ ആശുപത്രികളിൽ പ്രവേശിപ്പിച്ചു. ഗൗരബ് റോയ് (35)?,? ചിന്ന മസ്താൻ (36),? രമേഷ് (40),? വാസു (36)?? എന്നിവരാണ് മരിച്ചതെന്നാണ് റിപ്പോർട്ട്.

ഇന്ന് രാവിലെ എട്ടുമണിയോടെയാണ് ടിഐഎൽ ഹെൽത്ത്കെയർ ഫാക്ടറിയിൽ സ്ഫോടനം ഉണ്ടായത്. ബോയിലറിലുണ്ടായ സ്ഫോടനമാണ് ദുരന്തത്തിന് കാരണമെന്നാണ് പ്രാഥമിക നിഗമനം. പരിക്കേറ്റവർക്ക് മികച്ച ചികിത്സ ഉറപ്പാക്കാൻ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകിയതായി ശ്രീകാളഹസ്തി എംഎൽഎ ബൊജ്ജല സുധീർ റെഡ്ഡി അറിയിച്ചു.

## സൗദിയിൽ വാഹനാപകടം; രണ്ട് മലയാളി നഴ്സുമാർ ഉൾപ്പെടെ അഞ്ച് മരണം









റിയാദ്: സൗദി അറേബ്യയിലുണ്ടായ വാഹനാപകടത്തിൽ രണ്ട് മലയാളി നഴ്സുമാർ ഉൾപ്പെടെ അഞ്ചുപേർക്ക് ദാരുണാന്ത്യം.

സൗദിയിലെ തായിഫ്-റാനിയ റോഡിൽ ഇന്നലെയാണ് അപകടമുണ്ടായത്. കോട്ടയം അയർക്കുന്നം സ്വദേശി ജെയ്സിമോൾ മാത്യു (36), കുറുമല്ലൂർ സ്വദേശി ആനച്ചേരി അഞ്ചാകുന്നേൽ ജോബിന ജോണി (26) എന്നിവരാണ് മരിച്ച മലയാളികൾ.

ഇവർക്കൊപ്പം കാറിലുണ്ടായിരുന്ന രണ്ട് തമിഴ്നാട് സ്വദേശികളായ വിജയലക്ഷ്മി, ഹെപ്സിബ, വാഹനത്തിന്റെ ഡ്രൈവറായ സൗദി പൗരൻ എന്നിവരാണ് മരിച്ചത്. തായിഫ് ഗവർണറേറ്റിലെ അൽ ഗാഫ, അൽ അവെയ്ല ക്ളിനിക്കുകളിൽ ജോലി ചെയ്യുകയായിരുന്ന ഇവർ അവധിദിനത്തിൽ ഷോപ്പിംഗിനും മറ്റുമായി റാനിയയിൽ എത്തിയതായിരുന്നു. മൃതദേഹങ്ങൾ റാനിയയിലെ ആശുപത്രിയിൽ സൂക്ഷിച്ചിരിക്കുകയാണ്. എക്സ്പ്രസ് വേയിൽ വാഹനങ്ങൾ തമ്മിൽ കൂട്ടിയിടിച്ചാണ് അപകടമുണ്ടായതെന്നാണ് വിവരം.

## കോടതി പരസ്യം

### ബഹു. തൃശൂർ മുൻസിഫ് കോടതി മുമ്പാകെ

O.S. 920/2020

ധനശക്തി അസോസിയേറ്റ്സ്

-അന്യായം

മലപ്പുറം ജില്ല, പൊന്നാനി താലൂക്ക്, വെളിയംകോട് വില്ലേജ്, ദേശത്ത് പുതിയ വീട്ടിൽ നാലകത്ത് വീട്ടിൽ മൊയ്തുട്ടി മകൾ സുബൈദ

-3-ാം പ്രതി

മേൽനമ്പൽ 3-ാം പ്രതിക്കുള്ള സമൻസ് കോടതിയിലും വാസസ്ഥലത്തും പതിച്ച് നടത്തുവാൻ കൽപ്പിച്ച് കേസ്സ് 14-10-2026 തിയ്യതിയിലേക്ക് വിചാരണക്ക് വെച്ചിട്ടുള്ളതും ഈ കാര്യത്തിൽ ആർക്കെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അന്നേ ദിവസം രാവിലെ 11.00 മണിയ്ക്ക് ബഹു. തൃശൂർ ഒന്നാം അഡീഷ്ണൽ മുൻസിഫ് കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം താങ്കെ കൂടാതെ മേൽ നമ്പർ കേസ് വിധിയാകുന്നതാണെന്നും വിവരം ഇതിനാൽ അറിയിച്ച് കൊള്ളുന്നു.

എന്ന് 3-10-2026
അന്യായഭാഗം അഡ്വക്കേറ്റ്
സജി ഫ്രാൻസിസ്. സി.
(ഒപ്പ്)

RNI No. 7675/1964, Edited, Printed & Published by A. Mohammed at Mangalodayam Printers Printers, Thrissur-4



# പല്ലാവൂർ സമിതി ഗുരുപൂജ പുരസ്ക്കാരങ്ങൾ പ്രഖ്യാപിച്ചു


വെള്ളികൊമ്പ് നാരായണൻ നായർ (കൊമ്പ്)


പുതുക്കോട് പത്മനാഭ മാരാർ (ക്ഷേത്ര അനുഷ്ഠാനം)


കീഴില്ലം ഗോപാലകൃഷ്ണൻ (പഞ്ചവാദ്യം, മുടിയേറ്റ് )


മറ്റൂർ വേണു (തിമില)


തിരുവില്വാമല രാമചന്ദ്രൻ (ഇടുതുടിവീരാണം)


പല്ലശ്ശന മാധവൻകുട്ടി (ചെണ്ട, തിമില)


വൈലൂർ സുകുമാരൻ (വീക്കൻ ചെണ്ട)


വട്ടെക്കാട് രവീ (ചെണ്ട, തിമില)


തൃപ്പാളൂർ രാജൻ (ഇലത്താളം)


ഏഷ്യാഡ് ശശി മാരാർ (ഇലത്താളം)



എസ്.ആർ.എം യൂണിവേഴ്സിറ്റിയിൽ ഗണിതശാസ്ത്രത്തിൽ, പ്രത്യേകിച്ച് Applied ഗണിതശാസ്ത്ര മേഖലയിൽ, 'Studies on Hormone Therapy Through Mathematical Modeling" എന്ന വിഷയത്തിൽ ഗവേഷണം നടത്തി പി.എച്ച്.ഡി. നേടിയ അമൃത ശ്രീകുമാർ.പൊറത്തിശ്ശേരി കൂത്തുപാലക്കൽ ശ്രീകുമാറിന്റെയും ഉഷയുടെയും മകളാണ്. ഭർത്താവ് ആർ. എസ്. ദിനിൽ

# പൂർവ്വ വിദ്യാർത്ഥി സംഘടനക്ക് ആദരം



ലോക രക്ത ദാനദിനത്തിൽ ഗുരുവായൂർ ശ്രീകൃഷ്ണ കോളേജിലെ പൂർവ്വ വിദ്യാർത്ഥി സംഘടനയ്ക്ക് ആദരം. ദിനത്തിന്റെ ഭാഗമായി മെഡിക്കൽ കോളേജിൽ സംഘടിപ്പിച്ച ആദരസമ്മേളനത്തിൽ പൂർവ്വ വിദ്യാർത്ഥികളെ സംഘടിപ്പിച്ച് രക്തദാനം നടത്തിയതിന് കോളേജിലെ പൂർവ്വവിദ്യർത്ഥി സംഘടനയായ ആസ്കിനെ പ്രത്യേക ആദരവും ഉപഹാരവും ലഭിച്ചു. മെഡിക്കൽ കോളേജ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ സംഘടന ഭാരവാഹികളായ മേജർ പി.ജെ. സ്റ്റൈജു , നിക്സൻ ഗുരുവായൂർ എന്നിവർ ചേർന്ന് ഉപഹാരം സ്വീകരിച്ചു. ഡോ അഞ്ജലി , ഡോ സജിത്ത് വിളമ്പിൽ. ഡോ അനിൽ രാജ് ഡോ .ഉഷ കെ.കെ, ലിജോ ജെ കൊള്ളന്നൂർ ,ഡോ ഷെഹ്ന എം കാദർ എന്നിവർ അനുമോദന പ്രസംഗം നടത്തി. വരും വർഷങ്ങളിലും ശ്രീകൃഷ്ണ കോളേജിൽ പുർവ്വ വിദ്യാർത്ഥികളെ സംഘടിപ്പിച്ച് മെഗാ രക്തദാന ക്യാമ്പ് സംഘടിപ്പിക്കുമെന്ന് പൂർവ്വ വിദ്യാർത്ഥി സംഘടന പ്രസിഡണ്ടും കണ്ടാണശ്ശേരി പഞ്ചായത്ത് പ്രസിഡണ്ടുമായ സജിപ് എം.പി അറിയിച്ചു

# സിപിഐ ഇരിങ്ങാലക്കുട മണ്ഡലം കമ്മിറ്റി മതേതരത്വ സംരക്ഷണ സംഗമം സംഘടിപ്പിച്ചു




തൃശൂർ: സിപിഐ ദേശീയ എക്സിക്യൂട്ടീവ് അംഗം കെ.പി രാജേന്ദ്രൻ ഉദ്ഘാടനം ചെയ്തു. സിനിമ സംവിധായകനും എഴുത്തുകാരനുമായ പി.ജി പ്രേംലാൽ മുഖ്യപ്രഭാഷണം നടത്തി. സിപിഐ ജില്ലാ എക്സിക്യൂട്ടീവ് അംഗം പി.മണി അധ്യക്ഷത വഹിച്ച സദസിന് മണ്ഡലം സെക്രട്ടറി എൻ.കെ ഉദയപ്രകാശ് സ്വാഗതം പറഞ്ഞു.

സിപിഐ മുൻ സംസ്ഥാന കൗൺസിൽ അംഗം കെ.ശ്രീകുമാർ, ജില്ലാ കൗൺസിൽ അംഗം പി.ജെ ജോബി, മഹിളാസംഘം നേതാവ് അനിത രാധാകൃഷ്ണൻ, എഐഎസ്എഫ് ജില്ലാ സെക്രട്ടറി മിഥുൻ പോട്ടക്കാരൻ, എഐടിയുസി മണ്ഡലം സെക്രട്ടറി കെ.കെ ശിവൻകുട്ടി തുടങ്ങിയവർ അഭിവാദ്യം ചെയ്ത് സംസാരിച്ചു. എം.ബി ലത്തീഫ്, എ.ജെ.ബേബി, കെ.എസ് ബൈജു, കെ.എസ് പ്രസാദ് എന്നിവർ നേതൃത്വം നൽകി.

# ലാൽ ബഹാദൂർ ശാസ്ത്രി ജന്മദിനം ശാസ്ത്രി സ്മൃതി ക്വിസ് പുരസ്കാര വിതരണം നടത്തി



അവിട്ടത്തൂർ: ലാൽ ബഹാദൂർ ശാസ്ത്രിയുടെ നാമധേയത്തിലുള്ള ഇന്ത്യയിലെ ഏക വിദ്യാലയമായ അവിട്ടത്തൂർ ലാൽ ബഹാദൂർ ശാസ്ത്രി മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്കൂളിൽ ലാൽ ബഹാദൂർ ശാസ്ത്രി , മഹാത്മാഗാന്ധിജി എന്നീ ദേശീയ നേതാക്കളുടെ ജന്മദിനാചരണം പുഷ്പാർച്ചന, അനുസ്മരണം എന്നിവയോടെ നടന്നു. അഡ്വ. തോമസ് ഉണ്ണിയാടൻ എം.എൽ. എ. ഉദ്ഘാടനം ചെയ്തു. സ്കൂൾ മാനേജർ എ.സി. സുരേഷ് അധ്യക്ഷത വഹിച്ചു. ഉപജില്ലയിലെ എൽ പി., യു പി വിദ്യാർത്ഥികൾക്കായി നടത്തിയ ശാസ്ത്രി സ്മൃതി ക്വിസിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ ലഭിച്ചവർക്ക് ക്യാഷ് അവാർഡ്, മെമ്മൻന്റോ, സർട്ടിഫിക്കറ്റ് എന്നിവ നൽകി.

വാർഡ് മെമ്പർ സി.എസ്. ഓമനക്കുട്ടൻ, പി. ടി. എ. പ്രസിഡണ്ട് എൻ. എസ് . പ്രസാദ്, പ്രിൻസിപ്പൽ ഡോ. എ.വി. രാജേഷ്, പ്രധാനധ്യാപിക എൻ എസ്. രജനിശ്രീ, കെ. കെ. കൃഷ്ണൻ നമ്പൂതിരി, വി.വി. ശ്രീല എന്നിവർ പ്രസംഗിച്ചു. സ്കൗട്ട്, ഗൈഡ്, എൻ എസ് എസ് വിദ്യാർത്ഥികൾ, സ്റ്റാഫംഗങ്ങൾ, പി ടി എ ഭാരവാഹികൾ തുടങ്ങിയവർ സംബന്ധിച്ചു.

# പുതുക്കാട് ഗ്രാമ പഞ്ചായത്ത് വിബി ജിറാം പദ്ധതി ഗ്രാമസഭ നടത്തി



പുതുക്കാട്:ഗ്രാമ പഞ്ചായത്ത് വികസിത് ഭാരത് ഗ്യാരണ്ടി ഫോർ റോസ്ഗാർ ആന്റ് ആജീവിക മിഷൻ (ഗ്രാമീൺ)ഗ്രാമസഭയും വികസിത് ഗ്രാമ പഞ്ചായത്ത് പ്ലാൻ രൂപീകരണവും നടത്തി.ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് രതി ബാബു അദ്ധ്യക്ഷയായിരുന്നു.ബ്ലോക്ക് പഞ്ചായത്തംഗങ്ങളായ ഷാജു കാളിയേങ്കര,പി സി സുബ്രൻ ഗ്രാമ പഞ്ചായത്തംഗങ്ങളായ ജോളി ചുക്കിരി,രാജു തളിയപറമ്പിൽ,ശ്രീജ രാജേഷ് ,പി സി ശരത് എന്നിവർ പ്രസംഗിച്ചു.

# കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ രാജിവെക്കണം: കേരള യൂത്ത് ഫ്രണ്ട്



തൃശൂർ: കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ രാജിവെക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പി ജെ ജോസഫ് നേതൃത്വം നൽകുന്ന കേരള കോൺഗ്രസ്, കേരള യൂത്ത് ഫ്രണ്ട് സംസ്ഥാന വ്യാപകമായി നടത്തുന്ന സമരത്തിന്റെ സംസ്ഥാന തല ഉദ്ഘാടനം തൃശ്ശൂരിൽ സെന്റർ പോസ്റ്റ് ഓഫീസിൽ മുന്നിൽ സംസ്ഥാന പ്രസിഡണ്ട് കെ വി കണ്ണൻ നിർവഹിച്ചു, കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷണർക്കെതിരെ സംസ്ഥാന വ്യാപകമായ രൂക്ഷമായ പ്രതിഷേധം സംഘടിപ്പിക്കുമെന്ന് ഉദ്ഘാടന പ്രസംഗത്തിൽ കെ വി കണ്ണൻ പറഞ്ഞു. കേരള യൂത്ത് ഫ്രണ്ട് ജില്ലാ പ്രസിഡന്റ് ജോബി ആലപ്പാട്ട് അധ്യക്ഷത വഹിച്ചു. കേരള കോൺഗ്രസ് ജില്ലാ പ്രസിഡന്റ് സി വി കുര്യാക്കോസ് യോഗത്തിൽ മുഖ്യപ്രഭാഷണം നടത്തി കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ രാജിവെക്കുന്നത് വരെ ശക്തമായ സമരമുറയുമായി കേരള കോൺഗ്രസ് പാർട്ടിയും കേരള യൂത്ത് ഫ്രണ്ടും മുന്നോട്ടുപോകുമെന്ന് കേരള കോൺഗ്രസ് തൃശ്ശൂർ ജില്ലാ പ്രസിഡന്റ് സി വി കുര്യാക്കോസ് പറഞ്ഞു. കേരള കോൺഗ്രസ് ഉന്നത അധികാര സമിതി അംഗം ജോൺസൺ കാഞ്ഞിരത്തിങ്കൽ, സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വക്കേറ്റ് അജി ഫ്രാൻസിസ്, കേരള കോൺഗ്രസ് ജില്ലാ വൈസ് പ്രസിഡന്റ് തോമസ് ആന്റണി, ജില്ലാ ജനറൽ സെക്രട്ടറി ഇട്ടിയച്ചൻ തരകൻ, യൂത്ത് ഫ്രണ്ട് ജില്ലാ ജനറൽ സെക്രട്ടറി ഡോക്ടർ സ്റ്റാന്റ്ലി വാഴപ്പള്ളി, യൂത്ത് ഫ്രണ്ട് സംസ്ഥാന സെക്രട്ടറി ജോസഫ് വടക്കൻ, കർഷക യൂണിയൻ സംസ്ഥാന ജനറൽ സെക്രട്ടറി സി ടി പോൾ ജില്ല സെക്രട്ടറിമാരായ ആൻസർ കെ ഡേവിഡ്, സി ജെ വിൻസന്റ്, ബഫിക് ബക്കർ, രേഖ സുരേന്ദ്രൻ, ജോസഫ് കാരക്കട,സിടി ബാബു, പി ജെ സേവിയർ, അഡ്വക്കേറ്റ് സെബാസ്റ്റ്യൻ കെ വി, ഫെനി എബിൻ വെള്ളാനിക്കാരൻ,, സന്ദീപ് ഗോപി, പി കെ സതീഷ്, കെ ഡി സാബു ബെന്നി ചെറുവത്തൂർ ലാസ് കെ ജെയിംസ്, എന്നിവർ പ്രസംഗിച്ചു, ആൽബിൻ ബെന്നി അബിൻ ഡേവിഡ്, സണ്ണി അമ്പുകുന്നേൽ, ഇ ആർ രഞ്ജിത്ത്, ഷംന വി എം, ഗാഥ ഷെനിൽ, സജിത ശ്രീനിവാസൻ എന്നിവർ പ്രകടനത്തിന് നേതൃത്വം നൽകി.

# ഗാന്ധിജിയുടെ ഫോട്ടോയിൽ പുഷ്പാർച്ചന നടത്തി



കാഞ്ഞാണി: ലയൺസ് ഇന്റർനാഷണൽ ഡിസ്ട്രിക്ട് 318D റീജിയൺ 20 ഗാന്ധിജയന്തി സാമൂചിതമായി ആചരിച്ചു . കഞ്ഞാണിയിലെ പ്രത്യേകം സജ്ജമാക്കിയ സ്ഥലത്തു റീജിയണിലെ 8 ക്ലബ്ബുകളിലെ അംഗങ്ങളും ഗാന്ധിജിയുടെ ഫോട്ടോയിൽ പുഷ്പാർച്ചന നടത്തി.

ആയതിനു ശേഷം നടന്ന യോഗം റീജിയൺ ചെയർമാൻ ലയൺ പീതാംബരൻ രാരമ്പത്തിന്റെ അധ്യക്ഷതയിൽ മണലൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സിജി മോഹൻദാസ് ഉൽഘാടനം ചെയ്തു. IMA BLOOD BANK വാഹനത്തിൽ ലയൺസ് ഡിസ്ട്രിക്ട് ഗവണർ ലയൺ PMJF സുരേഷ് കെ വാരിയർ ബ്ലഡ് ഡൊണേഷൻ ഉൽഘാടനം ചെയ്തു. GLT കോഓർഡിനേറ്റർ ലയൺ PMJF പ്രശാന്ത് മേനോൻ ക്യാബിനറ്റ് സെക്രട്ടറി ബാലകൃഷ്ണൻ സോൺ ചെയർമാൻമാരായ ലയൺ MJF ഹരിലാൽ അപ്പുകുട്ടൻ ലയൺ MJF രാജൻ ജോസ് എന്നിവർ സംസാരിച്ചു. വാടാനപ്പള്ളി ലയൺസ് ക്ലബ് പ്രസിഡന്റ് ലയൺ റലീഷ് രവീന്ദ്രൻ എങ്ങണ്ടിയൂർ ലയൺസ് ക്ലബ് പ്രസിഡന്റ് ലയൺ MJF ശിവദാസൻ തളിക്കുളം ലയൺസ് ക്ലബ് പ്രസിഡന്റ് നന്ദകുമാർ കുനിയത്ത് കാഞ്ഞാണി സെൻട്രൽ ലയൺസ് ക്ലബ് പ്രസിഡന്റ് ലയൺ പ്രദീപ് MS, കാഞ്ഞാണി ലയൺസ് ക്ലബ് പ്രസിഡന്റ് ലയൺ അഡ്വ. ഷാൻലി , വെങ്കിടങ്ങു ലയൺസ് ക്ലബ് പ്രസിഡന്റ് വേണു വേലായുധൻ നാട്ടിക ലയൺസ് ക്ലബ് പ്രസിഡന്റ് ലയൺ വാസൻ കോഴിപ്പറമ്പിൽ പെരിങ്ങോട്ടുകര ലയൺസ് ക്ലബ്പ്രസിഡന്റ് ലയൺ റൽസൺ. ആർ ക്ലബ് മെമ്പർമാർ എന്നിവർ നേതൃത്വം നൽകി.

## റോഡ് വികസനം; ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ യോഗം ചേർന്നു

തൃശ്ശൂർ നിയോജകമണ്ഡലത്തിലെ റോഡുകളുടെ വികസനവുമായി ബന്ധപ്പെട്ട് രാജൻ ജെ. പല്ലൻ എം.എൽ.എയുടെ സാന്നിദ്ധ്യത്തിൽ ജില്ലാ കളക്ടർ ശിഖ സുരേന്ദ്രന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. തൃശ്ശൂർ - കുന്നംകുളം റോഡിൽ എം.എൽ.എ റോഡ് ജംഗ്ഷൻ മുതൽ പൂങ്കുന്നം സെന്റർ വരെയുള്ള ഭാഗത്തെ റോഡിന്റെ വീതി കൂട്ടുന്നതിന്നുള്ള പ്രൊപ്പോസൽ ഗവൺമെന്റിലേക്ക് സമർപ്പിക്കാൻ യോഗത്തിൽ തീരുമാനിച്ചു.

# സെൻറ് വിൻസെൻറ് ഡി പോൾ തൃശൂർ കേന്ദ്ര കൗൺസിൽ 78-ാം വാർഷികവും തിരുനാളും



തൃശൂർ: സെൻറ് വിൻസെൻറ് ഡി പോൾ സൊസൈറ്റി തൃശൂർ അതിരൂപത കേന്ദ്ര കൗൺസിലിൻറെ വി. വിൻസെൻറ് ഡി പോൾ, വാഴ്ത്തപ്പെട്ട ഓസ്സാനം എന്നിവരുടെ തിരുനാളും 78-ാം വാർഷികവും വിവിധ പരിപാടികളോടെ സിസ്റ്റർ നോബർട്ടമ്മ നഗറിൽ (മരത്താക്കര പള്ളി) ഒക്ടോബർ 4 ഞായറാഴ്ച ആഘോഷിക്കുന്നതാണ്.

രാവിലെ 10.30ന് ചേരുന്ന പൊതുസമ്മേളനം മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം ചെയ്യുന്നതാണ്. സംഘം നാഷണൽ പ്രസിഡൻറ് ജൂഡ് മംഗൾരാജ് ഉദ്ഘാടനം ചെയ്യും. ഫാ. വർഗ്ഗീസ് കുത്തൂർ, ഫാ. ജിക്സൺ താഴത്ത്, ഫാ. ജോസഫ് മുരിങ്ങാത്തേരി, കെ.കെ. പോൾസൺ, ജോസ് ജെ. മഞ്ഞളി, റീന ജെയിംസ്, സിസ്റ്റർ റെയ്മ ജീസ്, ട്രസ്റ്റി ബെന്നി ചിറയത്ത്, കെ.എ. ഷിബു എന്നിവർ പ്രസംഗിക്കുന്നതാണ്. അംഗത്വ ജൂബിലിയാഘോഷിക്കുന്ന 80 പേർക്ക് ഉപഹാരവും മത്സരവിജയികൾക്ക് സമ്മാനങ്ങളും നൽകും.

രാവിലെ 9.15ന് നടക്കുന്ന യോഗത്തിൽ ഫാ. ക്ലീറ്റസ് കിഴക്കൂടൻ, ജോയ് പോൾ, ബിജു വർഗ്ഗീസ്, ഷാജു തൊമ്മാന, ടി.യു. ജെയ്സൺ എന്നിവർ സംസാരിക്കുന്നതാണ്. അതിരൂപതയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി ആയിരത്തോളം പ്രതിനിധികൾ പങ്കെടുക്കും.



ഇരിങ്ങാലക്കുട: മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിന്റെ രാജി ആവശ്യപ്പെട്ട് ഡൽഹിയിൽ നടത്തിയ സമരത്തിൽ സിപിഐഎം അഖിലേന്ത്യ ജനറൽ സെക്രട്ടറി എം എ ബേബി അടക്കമുള്ള നേതാക്കളെ അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിച്ച് സിപിഐ എം ഏരിയ കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രകടനവും യോഗവും നടത്തി. ജില്ല കമ്മിറ്റി അംഗം അഡ്വ. കെ ആർ വിജയ അധ്യക്ഷയായി. ഏരിയ സെക്രട്ടറി വി എ മനോജ് കുമാർ, കെ സി പ്രേമരാജൻ എന്നിവർ സംസാരിച്ചു.

## ആമ്പല്ലൂരിലെ സൂപ്പർ ഫാസ്റ്റ് സ്വിഫ്റ്റ് സ്റ്റോപ്പ് പുനസ്ഥാപിക്കണം: ആർ ജെ ഡി

ആമ്പല്ലൂർ: അടിപ്പാത നിർമ്മാണം പൂർത്തീകരിച്ച് മേൽപ്പാതയിലൂടെ വാഹന ഗതാഗതം ആരംഭിക്കുന്നത് വരെ ആമ്പല്ലൂരിൽ പ്രത്യേകിച്ച് രാത്രി കാലഘട്ടങ്ങളിൽ ഉണ്ടായിരുന്ന കെഎസ്ആർടിസി സൂപ്പർ ഫാസ്റ്റ് സ്വിഫ്റ്റ് ബസുകളുടെ സ്റ്റോപ്പ് ഉടൻ പുനഃസ്ഥാപിക്കണമെന്ന് രാഷ്ട്രീയ ജനതാദൾ ആർ ജെ ഡി അളഗപ്പനഗർ പഞ്ചായത്ത് കമ്മിറ്റി യോഗം ആവശ്യപ്പെട്ടു കൊടകരയിലെ പോലെ സൂപ്പർഫാസ്റ്റ് സ്വിഫ്റ്റ് ബസ്സുകൾ ആമ്പല്ലൂരിൽ സർവീസ് റോഡിലൂടെ ഗതാഗതം നടത്തണമെന്നും യോഗം ആവശ്യപ്പെട്ടു യോഗം ജില്ലാ ജനറൽ സെക്രട്ടറി അഡ്വക്കേറ്റ് ഷാജൻ മഞ്ഞളി ഉദ്ഘാടനംചെയ്തു.

പ്രസിഡണ്ട് എൻ കെ രവീന്ദ്രൻ അധ്യക്ഷത വഹിച്ചു ജില്ലാ കമ്മിറ്റിയംഗം ഐ പി കുട്ടൻ റപ്പായി ആളുക്കാരൻ വി ആർ അന്തോണി കെ എസ് സുകുമാരൻ ടിപി ജേക്കബ് വിപി അയ്യപ്പ കുട്ടി വി ആർ അജിത് കുമാർ മോഹനൻ വെണ്ടൂർ എംപി ജോർജ് പി വി അനിൽകുമാർ മേനോൻ എം വി പ്രദീപ് സന്തോഷ് ആമ്പല്ലൂർ തുടങ്ങിയവർ സംസാരിച്ചു.

# ഗാന്ധിജയന്തി ആഘോഷിച്ചു



ഇരിങ്ങാലക്കുട: നീഡ്സിന്റെ ഗാന്ധി ജയന്തി ദിനാഘോഷം അഡ്വ. തോമസ് ഉണ്ണിയാടൻ എം എൽ എ ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് പ്രഫ. ആർ. ജയറാം അധ്യക്ഷത വഹിച്ചു.

ബോബി ജോസ്, ഗുലാം മുഹമ്മദ്, എം.എൻ. തമ്പാൻ, കെ.പി. ദേവദാസ്, പി.ടി.ജോർജ്, ജോൺ ഗ്രേഷ്യസ്, ഇ.പി. സഹദേവൻ, പി.ഐ.ഷംസുദീൻ, പി.ആർ. സ്റ്റാൻലി, സി.എം. ഉണ്ണികൃഷ്ണൻ എന്നിവർ പ്രസംഗിച്ചു.

# വിയ്യൂർ ഗ്രാമീണ വായനശാലയിൽ



വിയ്യൂർ ഗ്രാമീണ വായനശാലയിൽ ഗാന്ധിജയന്തി ദിനം ഗാന്ധിജിയുടെ ചിത്രത്തിനു മുന്നിൽ പുഷ്പാർച്ചന നടത്തി ജില്ലാ ലൈബ്രറി കൗൺസിൽ പ്രസിഡന്റ് പ്രൊഫ. എം .ഹരിദാസ് ഉദ്ഘാടനം ചെയ്തു. വായനശാല പ്രസിഡന്റ് സന്തോഷ്. കെ. എഫ് അധ്യക്ഷത വഹിച്ച യോഗത്തിൽ സെക്രട്ടറി പി. ഉദയകുമാർ , ജോയിന്റ് സെക്രട്ടറി അരുൺ നാരായണൻ, ലൈബ്രേറിയൻ ബേബി സിന്ധു എന്നിവർ പ്രസംഗിച്ചു വായനശാലയും പരിസരവും ശുചീകരണം നടത്തി.

# രക്തദാന ക്യാമ്പ് നടത്തി




ഗാന്ധിജയന്തിയോടനുബന്ധിച്ച് വടൂക്കര സന്മാർഗദീപം ഗ്രാമീണ വായനശാല അക്ഷര സേനയുടെ നേതൃത്വത്തിൽ രക്തദാന ക്യാമ്പ് നടത്തി. ക്യാമ്പിന്റെ ഉദ്ഘാടനം തൃശൂർ മുനിസിപ്പൽ കോർപ്പറേഷൻ ആരോഗ്യകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ഷീന ചന്ദ്രൻ നിർവ്വഹിച്ചു. യോഗത്തിന് അക്ഷരസേന കൺവീനർ ബേഫി എ ബി അധ്യക്ഷത വഹിച്ചു. വായനശാല പ്രസിഡണ്ട് തിലകൻ കൈപ്പുഴ, സെക്രട്ടറി സത്യൻ ടീ കെ, ജോയിൻറ് സെക്രട്ടറി ഷനൂ ജോർജ്, മൊഹമ്മദ് ബാബു പി, ഷൈഹാൻ പി എം, ശിഹാബുദ്ദീൻ പി എസ്, എന്നിവർ ക്യാമ്പിൽ പങ്കെടുത്ത് സംസാരിക്കുകയും ക്യാമ്പിന് നേതൃത്വം നൽകുകയും ചെയ്തു.




കേരളം സർക്കാർ
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്

CMO Keralam | Kerala Government
cmokeralam | iprdkerala
CMOKeralam | Kerala Government
PRD LIVE

പുതുയുഗ വഴിയിൽ
"നാമുണരുന്നു... നാടുണരുന്നു..."

സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം
2026 ഒക്ടോബർ 2 മുതൽ 15 വരെ

സംസ്ഥാനതല ഉദ്ഘാടനം
ശ്രീ. വി.ഡി. സതീശൻ
ബഹു. മുഖ്യമന്ത്രി

2026 ഒക്ടോബർ 2 വെള്ളിയാഴ്ച
രാവിലെ 10 മണി
മഹാരാജാസ് കോളേജ് ആഡിറ്റോറിയം,
എറണാകുളം

സമാപന സമ്മേളന ഉദ്ഘാടനം
ശ്രീമതി കെ.എ. തുളസി ടീച്ചർ
ബഹു. പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക ക്ഷേമ വകുപ്പ് മന്ത്രി
2026 ഒക്ടോബർ 15 വ്യാഴാഴ്ച
തിരുവനന്തപുരം



- വകുപ്പുകളുടെ പദ്ധതികളുടെ പ്രചാരണവും ബോധവത്കരണവും
- തദ്ദേശസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നഗറുകളുടെ ശുചീകരണം
- വകുപ്പുകൾക്ക് കീഴിലുള്ള സ്ഥാപനങ്ങളുടെ ശുചീകരണം
- പൂർത്തിയായ പദ്ധതികളുടെ ഉദ്ഘാടനം
- പുതിയ പദ്ധതികളുടെ പ്രവൃത്തി ഉദ്ഘാടനം
- ലഹരി വിരുദ്ധ ബോധവത്കരണം
- മെഡിക്കൽ ക്യാമ്പുകൾ
- ഗുണഭോക്തൃ സംഗമം